പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1331 02.05.2017 -ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സ്ഥാപനങ്ങൾ

ചോദ്യം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( ബഹു.മ്യൂസിയവും തുറമുഖവും
പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ; | (എ) | മലപ്പുറം ജില്ലയിൽ പുരാവസ്തു വകുപ്പിന് 7 സംരക്ഷിത സ്മാരകങ്ങൾ ഉണ്ട്. അവ ചുവടെ പറയുന്നു.<br>1. ശ്രീ.വെങ്കിട്ടത്തേവർ ക്ഷേത്രം (ശിവക്ഷേത്രം കോട്ടയ്ക്കൽ)<br>2. ചങ്ങമ്പള്ളി കളരി, തിരുനാവായ (മാമാങ്ക സ്മാരകം)<br>പഴുക്കാമണ്ഡപം, തിരുനാവായ (മാമാങ്ക സ്മാരകം)<br>നിലപാട്ടുതറ, മണിക്കിണർ, തിരുനാവായ (മാമാങ്ക സ്മാരകം)<br>മരുന്നറ, തിരുനാവായ(മാമാങ്ക സ്മാരകം)<br>3. എരവിമംഗലം ശ്രീ.സുബ്രഹ്മണ്യ സ്വാമിക്ഷേത്രം, പെരിന്തൽമണ്ണ<br>4. തിരൂരങ്ങാടി താലൂക്ക് ഓഫീസ് കെട്ടിടം, വില്യം ഡങ്കൺ റൗളയുടെ ശവകുടീരവും, തിരൂരങ്ങാടി സബ് രജിസ്ട്രാർ ഓഫീസും<br>5. തൃപ്പങ്ങോട് മഹാ ശിവക്ഷേത്രം, തിരൂർ<br>6. കരിക്കാട് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം, തൃക്കലങ്ങോട്<br>7. പെരുമ്പടപ്പ് വലിയ കിണർ, പൊന്നാനി |
| (ബി) | ഇതിൽ ഓരോ സ്ഥാപനത്തിനും സംസ്ഥാന സർക്കാരിന്റെ കീഴിൽ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിക്കാറുണ്ടോ ; | (ബി) | സംരക്ഷണപണികൾക്കായി ഫണ്ട് അനുവദിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇത്തരത്തിൽ സംരക്ഷിക്കപ്പെടുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) | ശ്രീ.വെങ്കിട്ടത്തേവർ ശിവക്ഷേത്രം, കോട്ടയ്ക്കൽ |
| (ഡി) | മലപ്പുറം ജില്ലയിലെ ചരിത്രസ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുവാൻ പ്രത്യേക പദ്ധതി തയ്യാറാക്കുമോ ; വ്യക്തമാക്കുമോ ? | (ഡി) | മലപ്പുറം ജില്ലയിലെ സംരക്ഷിത സ്മാരകങ്ങളായ പെരുമ്പടപ്പ് വലിയ കിണർ, മാമാങ്ക സ്മാരകങ്ങൾ എന്നിവയുടെ സംരക്ഷണത്തിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**